മിസ്റ്റർ കെ. അച്യുതമേനോൻ: രണ്ടാമത്തെ ലേലം വിളിച്ചില്ല.

മിസ്റ്റർ സി. കെ. എസ്സ്. മണി: ലേലം വിളിച്ചതിനുശേഷം ആ ലേലസംഖ്യക്കു കാപ്പു കിട്ടുന്നതിനു വല്ല വാലന്മാരും ആവശ്യപ്പെട്ടിട്ടുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ: ലേലം സ്ഥിരപ്പെടുത്തിയതിനുശേഷമാണ് അവർ ആവശ്യപ്പെട്ടിട്ടുള്ളത്.

മിസ്റ്റർ സി. കെ. എസ്സ്. മണി: കാപ്പു കുത്തക കൊടുക്കാമെന്നു അവരോടു കച്ചീട്ടു വാങ്ങിക്കുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ: വാങ്ങിച്ചിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ: അവിടെയുള്ള വാലന്മാക്കു് ഗവൺമെൻറ് കൂടുതൽ സഹായം ചെയ്തുകൊടുക്കേണ്ടതു്?

മിസ്റ്റർ കെ. അച്യുതമേനോൻ: അവർ സമയത്തു് ആവശ്യപ്പെട്ടിരുന്നുവെങ്കിൽ വലിയ ദോഷമില്ലാത്ത നിലയിൽ ചെയ്തുകൊടുക്കാമായിരുന്നു.

മിസ്റ്റർ സി. കെ. എസ്സ്. മണി: ആരാണു് ഈ ലേലം ചെയ്തതു്.

മിസ്റ്റർ കെ. അച്യുതമേനോൻ: താസിൽദാർ.

മിസ്റ്റർ സി. കെ. എസ്സ്. മണി: ഇതിനുമുമ്പു് അവിടെയുള്ള വാലന്മാക്കു കൊടുത്തിരുന്നതു്?

മിസ്റ്റർ കെ. അച്യുതമേനോൻ: കഴിഞ്ഞ കൊല്ലത്തിൽ അവക്കാണു് കൊടുത്തിരുന്നതു്.

മിസ്റ്റർ കെ. പി. വള്ളോൻ: കഴിഞ്ഞ തവണ വാലന്മാക്കു കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. ഇത്തവണ അവരിലാക്കെങ്കിലും വേണ്ടാ എന്നു ഗവൺമെൻറു ചോദിച്ചിട്ടുണ്ടോ?

മിസ്റ്റർ കെ. അച്യുതമേനോൻ: ഞങ്ങൾ ലേലത്തിനു വെച്ചിരിക്കുന്നു എന്നു പരസ്യംചെയ്തുകഴിഞ്ഞാൽ പിന്നെ ആരോടും ചോദിക്കാറില്ല.

FISH CURING YARD, KATHIALAM—PARTICULARS REGARDING.

287. മിസ്റ്റർ സി. കെ. എസ്സ്. മണി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെണ്ടു് ദയവായി ഉത്തരം പറയുമോ:—

കാതിയാളം മത്സ്യ ചാപ്പയും മത്സ്യ വ്യവസായ പരസ്പരസഹായ സംഘവും ഏതു താസിൽദാരുടെ കീഴിലാണു്?

മിസ്റ്റർ കെ. അച്യുതമേനോൻ: കാതിയാളംമത്സ്യ ചാപ്പയും മത്സ്യ വ്യവസായ പരസ്പരസഹായ സംഘവും കൊച്ചികണയന്നൂർ താസിൽദാരുടെ കീഴിലാണു്.

PRAWN FISHING—VALLARPADOM AND PANAMBUKAD—COMPLAINTS REGARDING.

288. Mr. L. M. Pylee (*Latin Christians-Ernakulam*): Will the Government be pleased to state:—

(*a*) whether complaints have been received from the inhabitants of Vallarpadom and Panambukad desoms against the practice of prawn fishing operations in the paddy fields and

LIBRARY ARCHIVES Kerala Legislative Assembly